പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3429 — 21.12.2012-ലെ മറുപടിയ്ക്ക്

## ''കൃഷി വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ശമ്പളക്കരാർ കാലാവധി '

| ചോദ്യം<br>ശ്രീ. പി. റ്റി. എ. റഹീം | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യാ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ശമ്പളക്കരാർ കാലാവധി അവസാനിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും പുതുക്കാതിരിക്കുന്നതിന്റെ കാരണം അറിയിക്കുമോ;<br><br>(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം പുതുക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ? | (എ&ബ) കേരള സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിലെ സ്റ്റാഫിന്റെ ശമ്പളം പുതുക്കുന്ന വിഷയം ധനകാര്യ (പി.ആർ.സി) വകുപ്പിൽ പരിശോധിക്കുന്നുണ്ട്. പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിലെ സ്റ്റാഫിന്റെ ശമ്പളം പുതുക്കുന്നതിനായിട്ടുള്ള പ്രൊപ്പോസൽ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് ആസൂത്രണ-സാമ്പത്തിക കാര്യ വകുപ്പിന് അയച്ചിരുന്നത് 18/12/2012-ൽ തിരികെ ലഭിച്ചിരുന്നു. അനുമതിയ്ക്കായി18/12/2012-ൽ തന്നെ ധനകാര്യവകുപ്പിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.